# സർഗ്ഗം




ഇ മാഗസിൻ സെന്റ് ആന്റണീസ് എച്ച് എസ് എസ് കച്ചേരിപ്പടി
എറണാകുളം

# സർഗ്ഗം 2018-19

- എഡിറ്റർ
  മേരി ബ്രൈറ്റ്
  എയ്ഞ്ചൽ പൊട്ടുത്താസ്

- സബ് എഡിറ്റർ
  ഗൗരിനന്ദന എസ്. എ.

- പത്രാധിപ സമിതി
  സാന്ദ്ര തോമസ്
  കീർത്തന ടി. ആർ.
  അഞ്ജന

ചിത്ര രചന
നന്ദന ഷെജിൽ
അമീഷ ഷൈൻ

# പത്രാധിപക്കുറിപ്പ്

കുട്ടികളുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസമേഖല ഇന്ന് ലക്ഷ്യമിടുന്നത്. ആധുനികകാലഘട്ടത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ് ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഉപയോഗം. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിനായി കുട്ടികളെ പ്രാപ്തമാക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട സംഘടനയാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശ്രമ ഫലമായി വിദ്യാലയത്തിലെ കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി അത് പൊതു ധാരയിലേക്ക് എത്തിക്കുന്നതിനായി ജന്മം നൽകിയിട്ടുള്ള സൃഷ്ടിയാണ് 'സർഗ്ഗം'. ഇതിനു പിന്നിൽ പ്രവർത്തിച്ച , സൃഷ്ടികൾ നൽകി സഹായിച്ച എല്ലാവർക്കും നന്ദി അർപ്പിച്ചുകൊണ്ട് ഈ കലാലയസൃഷ്ടി സമർപ്പിക്കുന്നു.

**എല്ലാവർക്കും റിപ്പബ്ലിക് ദിനാശംസകൾ അർപ്പിക്കുന്നു.**

# ഉള്ളടക്കം

ഉള്ളടക്കം

★ ചിരിയുടെ സുൽത്താൻ ................................6
★ മഹത്‌വചനങ്ങൾ.........................................7
★ വെള്ളപ്പൊക്കം.........................................8
★ കാവൽക്കാരൻ..........................................9
★ വഴിതെറ്റുന്ന കൗമാരം.................................12
★ ശാസ്ത്രം നിത്യജീവിതത്തിൽ.......................15
★ ഐ. ടി. ക്വിസ്.........................................17
★ കഴിവ്..................................................18
★ ജൈവവൈവിധ്യവും സംരക്ഷണവും...............21
★ മാതൃസ്നേഹം........................................23
★ മഴ.......................................................24
★ വിവരസാങ്കേതികവിദ്യ...............................25
★ ഗണിതശാസ്ത്രത്തിന്റെ സ്ത്രീ സാന്നിധ്യം...27
★ അമ്മതൻ സ്നേഹം...................................30
★ സ്നേഹ നിധി.........................................31
★ സ്മരണകളിലൂടെ.....................................33
★ ലോകഭക്ഷ്യ ദിനം...................................35

★ പ്രളയം.....................................................37
★ സ്നേഹം...................................................38
★ ജീവിതം.....................................................39
★ അനാഥർ...................................................40
★ മഴത്തുള്ളികൾ............................................42
★ പുതിയൊരു വെളിച്ചം.................................43
★ പ്രളയാനന്തര നവകേരള സൃഷ്ടി......................46
★ ജീവിതയാത്ര.............................................47
★ കുസൃതിക്കണക്കുകൾ...............................49
★ ക്വിസ്.....................................................51
★ വൈക്കം മുഹമ്മദ് ബഷീർ.............................53



# ആശംസ



പ്രിയ കുട്ടികളെ,

കാലദേശാന്തരങ്ങൾ താണ്ടി അറിവിനെ കൈക്കുമ്പിളിലാക്കാൻ നമ്മെ സഹായിക്കുന്ന വിവരങ്ങളുടെ അതിരില്ലാത്ത മഹാസമുദ്രമാണ് കമ്പ്യൂട്ടർ. പുതുമയും ആസ്വാദ്യതയും നിലനിർത്തിക്കൊണ്ട് വൈദഗ്ധ്യവും അഭിരുചിയുമുള്ള വ്യത്യസ്തധാരയിലുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുവാനായി വിദ്യാലയങ്ങളിൽ രൂപം കൊണ്ടിട്ടുള്ള ഒരു ഹൈടെക് കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. കുട്ടികളുടെ സർഗ്ഗാത്മ വാസനകൾ അവതരിപ്പിക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള ***"സർഗ്ഗം"*** എന്ന ഇ- മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന്,
ഹെഡ്മിസ്ട്രസ്
ശ്രീമതി. ബീനസേവ്യർ

## ചിരിയുടെ സുൽത്താൻ



**ലോകമേ എന്റെ മരണവും ക്രൂരഹൃദയയായ സാറാമ്മയുമായി യാതൊരു ബന്ധവുമില്ല. സാറമ്മയെ ഞാൻ സ്നേഹിക്കുന്നുണ്ടെന്നുള്ളതും സാറാമ്മ എന്നെ സ്നേഹിക്കുന്നില്ലെന്നുള്ളതും ശരിയാണ്. ഞാൻ കൊടുത്ത മധുരസുന്ദരമായ പ്രേമലേഖനം കഠിനതയോടെ ചുരുട്ടിക്കൂട്ടി അവൾ എറിഞ്ഞതും ശരിയാണ്. എന്നാലും എന്റെ മരണവും കഠിനഹൃദയായ സാറാമ്മയുമായി ലോകമേ, യാതൊരു ബന്ധവുമില്ല.**


**പ്രേമലേഖനം**


**ബഷീർ**

# മഹത് വചനങ്ങൾ


ഒരാളെയും മറ്റുള്ളവരുടെ മുന്നിൽ വച്ച്
തരം താഴ്ത്തി സംസാരിക്കരുത്,
ചിലപ്പോൾ ആ മുറിവ് ഉണക്കാനോ,
ഒരു ക്ഷമ പറയാനോ പോലും ജീവിതത്തിൽ പിന്നീട്
അവസരം ലഭിച്ചില്ല എന്ന് വരാം.
- ഡോ. എ.പി.ജെ അബ്ദുൾ കലാം


സന്തോഷത്തിന്റെ ഒരു വാതിൽ
അടയുമ്പോൾ എപ്പോഴും മറ്റൊന്ന്
തുറക്കുന്നു. അടഞ്ഞ വാതിലിൽ
തന്നെ നോക്കി നിൽക്കുന്നത്
കൊണ്ടാണ് തുറന്ന വാതിൽ നമ്മൾ
കാണാത്തത്.
ഹെലൻ കെല്ലർ


അധർമ്മപക്ഷത്തുനിന്ന്
ജയിക്കുന്നതിലും നല്ലതാണ്
ധർമ്മപക്ഷത്തുനിന്ന്
പരാജയപ്പെടുന്നത്..


ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.
~ ഗാന്ധിജി

# <u>വെള്ളപ്പൊക്കം</u>



ആരോന്റെ വെള്ളം
എന്റെ വീട്ടിൽ വന്നു.
ഞാൻ ഒരു ചാട്ടം
ഞാൻ ഒഴുകി പോയി.

ആരാണ്ടും വന്നു
ഞാൻ അലറി വിളിച്ചു.
ആരാണ്ടും എന്നെ
എടുത്തോണ്ടു പോയി.

ആരാനേം രക്ഷിക്കാൻ
ഞാൻ തീരുമാനിച്ചു.
ഞാൻ ഒന്നിറങ്ങി
ചുറ്റും വെള്ളം.

ആരാനേം സഹായിക്കാൻ
ഞാൻ തീരുമാനിച്ചു.
ഞാൻ ചോറും കൊണ്ട്
ക്യാമ്പിലേക്ക് പോയി.

ആരാനേം കണ്ടു
സഹതാപം തോന്നി.
ഞാൻ ഒന്നു കരഞ്ഞു
അവരെന്നെ സമാധാനിപ്പിച്ചു.

ആരാണ്ടും എന്നോട് പറഞ്ഞു
നമ്മൾ അതിജീവിക്കും.
എല്ലാവരും ഒത്തൊരുമ-
യോടെ നിന്നാൽ.

– ശ്രുതി. കെ. എസ്.

# കാവൽക്കാരൻ



പാകിസ്ഥാനിന്റെ കൊടുംക്രൂരതയിൽ നിന്ന് ഇന്ത്യയെ രക്ഷിക്കാൻ ഒരോ സേനാധിപനും സ്വന്തം ജീവൻ പണയം വെച്ച് പോരാടുന്നു.ചതി എന്നത് തലമുറകൾ തോറും കൈമാറി വരുന്ന ഒന്നാണ്.ചതിയിൽ അകപ്പെട്ട സേനാധിപൻ കഴിയുന്നത്രേയും പോരാടിയതിനു ശേഷം നിലംപതിച്ചു. പിറ്റേന്നാൾ കണ്ണുകൾ തുറക്കുമ്പോൾ മെഡിക്കൽ ലാബിൽ, ആദ്യം തന്നെ ദൈവത്തോട് നന്ദി പറഞ്ഞു. പിന്നെ തന്റെ നാട്ടിൽ തന്നെ കാത്തിരിക്കുന്ന മൂന്നു പെൺമക്കളെയും ഭാര്യയെയും നാട്ടുക്കാരെയും ഓർത്തുറങ്ങി. പേര് ഗോൺ മൂന്ന് മക്കൾ മൂത്തവൾ സാം, ഇളയവൾ സിംന, പിന്നെ ഏറ്റവും ഇളയവൽ സിംല. ഇളയ പുത്രിക്ക് ജന്മനാ തളർച്ച ബാധിച്ചു. കാലുകൾക്ക് മാത്രം. ഒരു കാറ്റു വന്നാൽ പറന്നുപോകുന്ന ശരീരം. മഞ്ഞുക്കാലം വന്നപ്പോൾ അവൾ തന്റെ വാൽചെയറിലിരുന്ന് അടുത്തുള്ള ജനാലയിലൂടെ പുറത്ത് കളിക്കുന്ന ചേച്ചിമാരെയും കൂട്ടുക്കാരെയും കണ്ടുകൊണ്ട് സ്വപ്നങ്ങൾ കണ്ടു. താനും അവരുടെ കൂടെ കലിക്കുന്നതായി.അവധിക്കാലമായപ്പോൾ വീട്ടുക്കാർ ഗോണിനെയും കാത്ത് പ്രത്യാശയോടെ ഇരുന്നു. പക്ഷേ രാത്രയായിട്ടും എത്തിയില്ല. ഫോണിൽ വിളിച്ചു നോക്കിയപ്പോൾ എടുക്കുന്നില്ല.സാം അമ്മ ലിസിയോട് പറഞ്ഞു.അമ്മേ പപ്പ വിളിച്ചിട്ടെടുക്കുന്നിലല്ലോ. ലിസിക്ക് നല്ല പ്രയമുണ്ട് അതുപോലെ ഗോണിനും. സാം വലിയ കൗമാരക്കാരിയാണ്.സിംന പത്തിലും പിന്നെ സിംലയ്ക്ക് പത്ത് വയസ്സുമുണ്ട്.ലിസി സാമിനോട് പറഞ്ഞര. ഒന്നുക്കൂടി വിളിച്ചു നോക്ക്. സാം എത്ര തവണ വിളിച്ചിട്ടും പപ്പ എടുക്കുന്നില്ല.എങ്ങനെ എടുക്കാൻ

സ്വന്തം ജീലൻ രക്ഷിച്ച ഡോക്ടറോട് നന്ദി പറഞ്ഞ് രാജിവച്ച് കൂട്ടുകാരനോടൊപ്പം ട്രെയ്നിൽ വീട്ടിലേക്ക് വരുകയാണ് ഗോൺ.ആ അമ്മയും മക്കളും അച്ഛൻ ഉറപ്പായും എത്തുമെന്ന് വിശ്വസിച്ച കാത്തിരിക്കുകയാണവർ.സിമിന് ഒരുപാട് സുഹൃത്തുക്കളുണ്ട്. സിമിന്റെ അടുത്ത സുഹൃത്തായിരുന്ന മിലൺ.മിലൺ ഗോൺ വരുമെന്ന വിവരം കേട്ട് വീട്ടലെത്തി കാര്യം പറഞ്ഞു.നമുക്ക് അങ്കിൾ വരുന്നതിവരെ പുറത്ത് മഞ്ഞിൽ കളിച്ചാല്ലോ.ലിസി സമ്മതിച്ചു.മിലൺ സിംലയിരിക്കുന്ന വീൽചെയറിൽ പിടിച്ച് സാമിനോട് ഒരു കമ്പിളി വാങ്ങി സിംലയെ പുതച്ച പുറത്തേക്ക് കൊണ്ടുപോയി. അവർ കുറേന്നേരം മഞ്ഞിൽ സ്നോമാനെ ഉണ്ടാക്കിയും, മഞ്ഞിന്റെ ബോൾ ഉണ്ടാക്കി എറിഞ്ഞും കളിച്ച്. പപ്പയേ ഏറ്റവും അധികം കാത്തിരുന്നത് സിംലയാണ്.അവൾ തന്റെ പപ്പയെ ഓർത്തുക്കൊണ്ടിരുന്നു.നേരം ഇരുട്ടിയപ്പോൾ അവർ അകത്തേക്ക് കയറി ഗോണിനെ വിളിക്കാൻ തുടങ്ങി.പക്ഷേ അപ്പോഴും കിട്ടിയില്ല. മിലണായി വീട്ടിൽ ആരും കാത്തിരിപ്പില്ലാത്തതുക്കൊണ്ട് അവൻ ഗോൺ വന്നിട്ടേ പോകൂ. രാത്രയായപ്പോളേക്കും മിലൺപോയി ഭക്ഷണം വാങ്ങികൊണ്ട് വന്നു. എത്ര പറഞ്ഞിട്ടും ആരും ഭക്ഷണം കഴിക്കുന്നില്ല.സിംലയ്ക്ക് നല്ല ഉറക്കം വേണമെന്ന് ഡോക്ടർ പറഞ്ഞതു പ്രകാരം ലിസി സിംലയെ ഉറക്കി. സിംന സിംലയ്ക്ക് കൂട്ടുകിടന്നു.സിംലയെ പപ്പവരുമ്പോൾ വിളിക്കാം എന്ന് പറഞ്ഞ് ഉറക്കി.കുറച്ചുകഴിഞ്ഞപ്പോൾ സിംന എഴുന്നേറ്റു പോന്നു. അതറിഞ്ഞ സിംലയും എഴുന്നേറ്റു പോന്നു. സിംലയെവാൽചെയറിൽ ഇരുത്തി.അപ്പോഴേക്കും സമയം ഏതാണ്ട് 11.30 യായി കഴിഞ്ഞിരുന്നു.എന്നിട്ടും ഗോൺ എത്തിയില്ല.ലിസി നിർബന്ധിപ്പിച്ച് മക്കലേയും മിലണിനെയും ഭക്ഷണം കഴിപ്പിച്ചു.ആൺകുഞ്ഞിലാത്ത ലിസിയ്ക്കും ഗോണിനും മിലൺ മകനെപ്പോലെയാണ്.സിംല നന്നായി പാടുകയും കീബോർഡ് വായിക്കുകയും ചെയ്യും.സിംലയുടെ കാലുകളാണ്

തളർന്നത്. രാത്രി ഏതാണ്ട് 12 മണിയായപ്പോൾ ഗോൺ ട്രെയിനിൽ നിന്ന് ഇറങ്ങി. കാരണം സ്വന്തം നാടെത്തി. ഇനി കുറെ ദൂരമുണ്ട് വീട്ടിലേക്ക്. അവർ ജീപ്പ് വിളിച്ച് വീട്ടിലേക്ക് പോകുന്നു.വീടിന്റെ മുറ്റത്ത് ഒരു ജീപ്പിന്റെ ശബ്ദം അവർ കേട്ടു. പക്ഷേ അത് അവർ കാര്യമാക്കിയില്ല.ഗോണിന്റെ കൂടെയുള്ളയാൾ വീടിന്റെ വാതിൽ നോക് ചെയ്തു. അവർ വാതിൽ തുറന്നപ്പോൾ കൂട്ടുക്കാരൻ മാത്രം ആകാശയാർന്ന മക്കൾ തിരിഞ്ഞു നടന്നു.പിറകിൽ നിന്ന് ഗോണിന്റെ വിളികേച്ച് മക്കൾ ഞെട്ടി ഗോണിന്റെ അടുത്തേക്ക് ഓടിചെന്നു. പക്ഷേ, സിംല അപ്പോഴും ആകാശയോടെ വീൽചെയറിൽ ഇരിക്കുകയാണ്.ഒരു ശക്തമായ കാറ്റി വാതിലിലൂടെ കടന്നു സിംലയെ ഗോണിന്റെ കാലികളിലേക്ക് നയിച്ചു. അവളാക്കാലിൽ കെട്ടി പിടിച്ചു.ഗോൺ സിംലയെ വാരിയെടുത്തു.ഗോൺ മിലനോട് പറഞ്ഞു. മിലൺ ഞാൻ രാജിവെച്ചു ഇനി നീയാണ് ഞങ്ങൾ അഭയം എന്റെ മോന്നേ.......എല്ലാവരുമൊന്നു ചിരിച്ചു.ലിസിയുടെ കണ്ണുകൾ നിറഞ്ഞ് കവിഞ്ഞൊഴുകി.അപ്പോൾ ഗോൺ ലിസിയോട് പറഞ്ഞു. എന്തായിത് നീ കരയുകയോ .അതിനു ശേഷം അലർ ക്യാമ്പ് ഫയർ കൂട്ടി ആ തണുപ്പത്തിരുന്നു. സിംല കീബോർഡ് വായിച്ചു കൊണ്ട് പാടി. ആ മധുരമാർന്ന ഗാനത്തിൽ അവർ ലയിച്ചുപ്പോയി. ശേഷം അവൻ വിശേഷങ്ങൾ പറഞ്ഞും കരഞ്ഞും ചിരിച്ചും ആ രാത്രി കഴിച്ചു.ആ ഇരുളിൽ നിന്ന് ഒരുരാപ്പാടിയുടെ സങ്കേതം അവൻ കേട്ടു. ആ മക്കളേയും അമ്മയേയും അത്രേയും ഇരുട്ടിയിട്ടും ഗോണിനെ കാണാൻ നയിച്ചത്.........പ്രത്യാശ.



ലിയ ജോർജ്

VII.C

# വഴിതെറ്റുന്ന കൗമാരം

കുട്ടികളായ നമ്മെ പക്വതയുടെ ചവിട്ടുപടികൾ കൗമാരപ്രായം. വളർച്ചയുടേയും വികാസത്തിന്റേയും ആലോചനകളുടേയും കാലഘട്ടം. എന്നാൽ ഏറ്റവും കൂടുതൽ കുട്ടികൾ വഴിതെറ്റിപ്പോകുന്നതും, സ്വന്തം നിയമങ്ങളും രീതകളും തിരഞ്ഞെടുക്കുന്നതുമായ കാലവുമാണത്. ജീവിതത്തിന്റെ പക്വതയാകുന്ന ഈ ചവിട്ടുപടികൾ ഇടറി നിലം പതിക്കുവാനും സാധ്യതകൾ ഏറെയാണ്. എന്നാൽ ഇവയെല്ലാം അതിജീവിച്ച് ജീവിത്തിൽ ഉന്നതസ്ഥാനം കൈവരിച്ചവരെല്ലാം തന്നെ അവരുടെ കൗമാരപ്രായം വേണ്ടവിധത്തിൽ നല്ലകാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിച്ചവരാണ്. ഉദാഹരണത്തിന് യേശുക്രിസ്തു, ലോകത്തിന്റെ പ്രകാശം! യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നു വന്നു എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. കുട്ടികൾ വഴിതെറ്റി പോകുന്നതിന്റെ പ്രധാന കാരണങ്ങളാണ്,നല്ല സുഹൃത്തുക്കളെ തിരഞ്ഞെടുക്കാതിരുന്നത്, സമൂഹമാധ്യമങ്ങൾ, മൊബൈൽഫോൺ, വായനശീലമില്ലായ്മ എന്നിവ. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മൂലം ഇന്ന് ലോകത്തിലെ 80 ശതമാനത്തോളം കുട്ടികൾ നല്ലവഴിയിൽ നിന്ന്, നന്മയുടെ പാതയിൽ നിന്ന് പിന്മാറുന്നു. പക്ഷേ, മൊബൈൽ ഫോണിന്റെ ഉപയോഗം നമുക്ക് വളരേയേറെ ഉപകാരപ്രദവും കൂടിയാണ്. നന്മയുടെ പാതയിൽ നിന്ന് നമ്മെ

വ്യതിചലിപ്പിക്കുവാൻ ധാരളം പേരുണ്ടാകും. എങ്കിലും അതിനേയെല്ലാം ശക്തമായി ദൈവകരങ്ങളെ കോർത്ത് പിടിച്ച് അതിജീവിക്കുകയെന്നത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. ഇവയെ അതിജീവിക്കുവാൻ പലർക്കും കഴിയാതിരുന്നതിനാലാണ് ഈശോ മലമുകളിൽ കുരിശ്ശിൽ പീഡകൾ സഹിച്ച് നമുക്കായ് മരണം വരിച്ചത്. മനുഷ്യൻ ലആത്മീയ ജീവിതത്തിൽ നിന്ന് മാറി ലൗകിക ജീവിതം നയിക്കുവാൻ താത്പര്യപ്പെടുന്നതാണ് നമ്മെ ഓരോരുത്തരേയും സാത്താന്റെ കുതന്ത്രങ്ങളെ ആകൃഷ്ടരാകുവാൻ പ്രേരിപ്പിക്കുന്നതും അതിൽ നാം ആകൃഷ്ടരാകുന്നതും.

കുട്ടികളെ ആകർഷിച്ച് തിന്മയുടെ പാതയിലേയക്ക് ആനയിക്കുവാനും അവരെ മാതാപിതാക്കളിൽ നിന്നും നല്ല കൂട്ടുകെട്ടുകളിൽ നിന്നും വഴിതെറ്റിക്കുവാനും അനേകം ആളുകളുണ്ടാകുമെങ്കിലും എന്നാൽ പാപത്തിന്റെ പടുകുഴിയിൽ അകപ്പെട്ടതിനു ശേഷം നമ്മെ രക്ഷിക്കുവാൻ തങ്ങൾക്കുവേണ്ടി വിലപിക്കുവാനോ സ്വന്തം മാതാപിതാക്കളും ഗുരുക്കന്മാരും മാത്രമേ ഉണ്ടാവുകയുള്ളൂ. നാമെന്നും നന്മയുടെ പാതയിൽ ദൈവകരങ്ങളെ കോർത്ത് പിടിച്ച്, മാതാപിതാക്കളെ ആവോളം സ്നേഹിച്ച്, ആദരിച്ച്, നല്ല കൂട്ടുകാരെ തിരഞ്ഞെടുത്ത് ലൗകിക ജീവിതത്തിനോടൊപ്പം നമ്മുടെ ആത്മീയജീവിതത്തിനും പ്രാധാന്യം നൽകി മുന്നേറിയാൽ നാം എന്നും നന്മയുടെ പാതയിൽ ദൈവത്തിന്റെ കാൽപ്പാടുകൾ പിഞ്ചെല്ലി നമ്മുടെ ജീവിതം സഫലമാക്കുവാൻ സാധിക്കും. സമൂഹ മാധ്യമങ്ങൾ കുട്ടികളായ നമ്മെ വളരെംയധികം ആകർഷിക്കുന്നു. സമൂഹ മാധ്യമങ്ങൾ നമ്മുടെ മുമ്പിലേയ്ക്ക് അനേംകം വാതിലുകൾ തുറന്നിടുന്നു., അതിൽ നന്മയും തിന്മയും

ഒരുപോലെ പ്രതിപാദിക്കുന്നന. ഇതിൽഡ ഏതെന്ന് തിരഞ്ഞെടുക്കേണ്ടത് നാം ഓരോരുത്തരുമാണ്. നന്മയുടെ വാതിലിലൂടെ പ്രവേശിക്കുമ്പോൾ നാം അത്യധികം ജീവിതകാലംമുഴുവൻ ആഹ്ലാദിക്കുന്നു. എന്നാൽ തിന്മയുടെ വാതിൽ അത് നിരാശയുടേയും നൊമ്പരത്തിന്റേയും പടുകുഴിയാണ്. നന്മയുടെ വാതിൽ തിരഞ്ഞെടുത്ത് നമുക്ക് നന്മയുടെ പാതയിൽ പ്രവേശിക്കുകയും കൗമാരപ്രായക്കാരായ നമ്മുടെ കുഞ്ഞു മനസ്സുകളിൽ നന്മയുടെ നല്ല വിത്ത് വിതയ്ക്കാനും നാമാകുന്ന വയലുകളിൽ കളകൾ മുളയ്ക്കാതിരിക്കാനും മറ്റു മൃഗങ്ങളും പക്ഷികളും വന്നു നമ്മുടെ വിളകളെ കൊത്തിപ്പറിക്കുവാതെ ഇരിക്കുവാനും നമുക്ക് ശ്രദ്ധിക്കാം.

കൗമാര പ്രായത്തിലെ ഒരു കുട്ടിയുടെ ഏറ്റവും നല്ല സുഹൃത്തുകൾ എന്നു പറയുന്നത് "അമ്മ" പിന്നെ "നല്ല പുസ്തകങ്ങളും". നമ്മുടെ ഈ കൊച്ചു ജീവിതത്തിലെ എല്ലാ കുഞ്ഞുകുഞ്ഞു കാര്യങ്ങളും അമ്മയുമായി പങ്കുവയ്ക്കുക. അഥവാ ഒരദ്ധ്യാപിക. നല്ല പുസ്തകങ്ങൾ വായിക്കുക. വായനാശീലം പതിവാക്കുക. സമയം നഷ്ടമാക്കാതെ പഠനത്തെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ട് പോവുക. അതോടൊപ്പം ആത്മീയജിവിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കി മുന്നോട്ടു പോവുക.

അഗിന മരിയ
X . ബി



## **ശാസ്ത്രം - നിത്യജീവിതത്തിൽ**

അറിവിന്റെ നീണ്ട വാതയാനങ്ങൾക്കുള്ളിൽ നിറഞ്ഞു നിൽക്കുന്ന ഒരു വാക്കിന്റെ ആഴങ്ങൾക്കപ്പുറം ശാസ്ത്രം ഓരോ ജീവിതങ്ങളേയും സ്പർശിക്കുന്നു.

'സയൻസ് ' എന്ന ഇംഗ്ലീഷ് ഭാഷയുടെ തർജ്ജിമയായി മലയാളത്തിൽ ഉപയോഗിക്കുന്ന പദമാണ് ശാസ്ത്രം. സയൻസ് എന്ന വാക്ക് ലാറ്റിൻ ഭാഷയിലെ 'സയന്റിയ' എന്ന പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. 'അറിവ് ' എന്നാണ് ഇതിന്റെ അർത്ഥം. പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവ് സ്വരുക്കൂട്ടുകയും പരീക്ഷിച്ച് നോക്കാവുന്ന വിശദീകരണങ്ങളായും പ്രവചനങ്ങളായും ക്രമീകരിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനമാണ് ശാസ്ത്രം. പണ്ട് കാലത്ത് 'ശാസിക്കപ്പെട്ടത് ' എന്ന അർത്ഥത്തിലും ശാസ്ത്രം എന്ന വാക്ക് ഉപയോഗിച്ചിരുന്നു. ഇതിന് ആധുനിക ശാസ്ത്രവുമായി ബന്ധമില്ല. ശാസ്ത്രം ഉപയോഗപഥത്തിൽ കൊണ്ടുവരുന്നയാളെ ശാസ്ത്രജ്ഞൻ എന്നാണ് വിളിക്കുന്നത്.

ആധുനിക കാല ഉപയോഗമനുസരിച്ച് "ശാസ്ത്രം" സാധാരണഗതിയിൽ അറിവ് നേടുന്നതിനുള്ള ഒരു മാർഗ്ഗമാണ്. ഭൗതിക ലോകത്തെ പ്രതിഭാസങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുന്ന പഠനങ്ങളുടെ ശാഖകളെയാണ് സാധാരണഗതിയിൽ ശാസ്ത്രം എന്നു വിളിക്കുന്നത്. പതിനേഴാം നൂറ്റാണ്ടിലും

പതിനെട്ടാം നൂറ്റാണ്ടിലും ശാസ്ത്രജ്ഞന്മാർ പ്രകൃതിനിയമങ്ങൾ എന്ന പേരിലാണ് ശാസ്ത്രനിയമങ്ങൾ മുന്നോട്ടു വച്ചിരുന്നത്. ഭൗതികശാസ്ത്രം, രസതന്ത്രം, ജിയോളജി, ബയോളജി എന്നിവയുടെ പഠനം ഇതിൽ ഉൾപ്പെടുന്നു.

തെളിയിക്കപ്പെട്ട തത്ത്വങ്ങൾ അന്ധവിശ്വാസങ്ങളെ മാറ്റി അവിടെ പ്രതിഷ്ഠിക്കപ്പെടുന്ന പുരോഗമനോൻമുഖമായ അറിവിന്റെ വളർച്ചയാണ് പതിനെട്ടാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ നടന്നുകൊണ്ടിരുന്നത്. ഇക്കാലത്തെ ശാസ്ത്രചരിത്രത്തിൽ മുന്നിൽനിൽക്കുന്നത് പ്രാകൃതിക ശാസ്ത്രങ്ങളും ജീവശാസ്ത്രവുമാണ്.
ചരിത്രത്തിന്റെ സമീപകാല പുനർവായനകളിൽ പരസ്പരം മത്സരിക്കുന്ന ശൈലികളേ ഭൗതികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ മൂശയിൽ സ്പടം ചെയ്യുന്നതായി വിവരിക്കുന്നു. എന്നാൽ, ഈ ചിന്തസരണിക്ക് ചരിത്രകാരന്മാരിൽ നിന്നു തന്നെ എതിർപ്പും നേരിടുന്നുണ്ട്. കാരണം, അവർ ശാസ്ത്രത്തെ തുല്യതയില്ലാത്ത ശൈലികളുടെ സ്വരചേർച്ചയില്ലാത്ത വ്യവ്യസ്ഥയായി വിവക്ഷിക്കുന്നു.

സുസ്ഥിരമായ ഒരു സമൂഹത്തിന്റെ വളർച്ചയ്ക്ക് ശാസ്ത്രത്തെ വിവേചിച്ചുക്കൊണ്ടുള്ള പുരോഗതി സാധ്യമല്ല. ചരിത്രസത്യങ്ങളിലൂന്നി ശാസ്ത്രാവബോധമുള്ള പൗരന്മാരെ വാർത്തെടുക്കുക വഴി സമത്വപുരോഗതി ഒരു രാജ്യത്തിന് കൈവരിക്കുക ഏറെ അനായാസകരമാക്കും.

നീതാ തോമസ്
ഊർജതന്ത്രം അദ്ധ്യാപിക

## ഐ. ടി. ക്വിസ്

**********

1.ആദ്യ വാണിജ്യ കമ്പ്യൂട്ടർ ?

ഉ. യൂണിവാക് ( യൂണിവേഴ്സൽ ഓട്ടോമാറ്റിക് കമ്പ്യൂട്ടർ)

2.ഇന്ത്യയുടെ ആദ്യ സൂപ്പർ കമ്പ്യൂട്ടർ ?

ഉ.പരാം 8000

3.ആദ്യത്തെ പ്രോഗ്രാമിംഗ് ഭാഷ?

ഉ.ഫോർട്ടൻ, ഐ. പി. എൻ.

4.ഇന്റർനെറ്റിലെ ആദ്യ സെർച്ച് എഞ്ചിൻ ?

ഉ. ആർച്ചീ

5.ആദ്യ വനിതാ പ്രോഗ്രാമർ ?

ഉ.അഡാ ലൗലേസ്

6.ആദ്യമായി ഇ- മെയിൽ അയച്ചത് ഏത് വർഷത്തിൽ ആണ് ?

ഉ. 1971

7.ആദ്യത്തെ എസ് എം എസ് അയച്ചത് ഏത് നെറ്റ്വർക്കാണ് ?

ഉ. വോഡഫോൺ ജി. എസ്. എം.

8.ആദ്യമായി ഹൈസ്പീഡ് ബ്രോഡ്ബ്രാൻഡ് ഉപയോഗിച്ച ജില്ല ഏത് ?

ഉ. ഇടുക്കി

9.ഇന്റർനെറ്റിലൂടെ തിരഞ്ഞെടുപ്പ് നടത്തിയ ആദ്യ രാജ്യം ?

ഉ.എസ്റ്റോണിയ

10.ആദ്യ വീഡിയോ യൂട്യൂബിൽ

ഉ. മീ അറ്റ് ദി സൂ

അഞ്ജന എസ് . വി **VII. B**

## കഴിവ്

ഒരിടത്ത് നീന എന്ന പേരുള്ള പാവപ്പെട്ട സ്ത്രീയുണ്ടായിരുന്നു. അവളുടെ ഭർത്താവ് മാറാരോഗം ബാധിച്ച് അന്തരിച്ചു. അവൾക്ക് മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു മകൻ ഉണ്ടായിരുന്നു. അവന്റെ പേരാണ് വിനു. പക്ഷേ തന്റെ മകനെ വളർത്താൻ പണമില്ലാത്തതുകൊണ്ട് അവർ വീട്ടുജോലി ചെയ്ത് കിട്ടുന്ന വരുമാനം കൊണ്ടാണ് തന്റെ മകനെ വളർത്തുന്നത്. അവൾ വീട്ടുജോലിക്ക് പോകുമ്പോൾ അവളുടെ മകനെ നോക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് അടുത്തുള്ള ഡേകെയറിൽ ആക്കി . സ്കൂൾ കഴിഞ്ഞുവരുമ്പോൾ ഡേകെയറിലെ ആളുകളാണ് അവനെ നോക്കുക. അവിടെ ആക്കിയതിൽ നീനയ്ക്ക് അതിയായ ദുഃഖമുണ്ട്. പക്ഷെ സാഹചര്യം അങ്ങനെയാണെന്നു പറഞ്ഞ് അവൾ ആശ്വസിക്കും. ചിലപ്പോഴൊക്കെ അവൾ തന്റെ ഭർത്താവിനെക്കുറിച്ച് ഓർത്ത് കരയാറുണ്ട്. ഈ വികാരങ്ങളൊന്നും അവൾ തന്റെ മകന്റെ മുമ്പിൽ കാണിച്ചില്ല. അവനോടൊത്ത് എല്ലാം മറന്ന് എല്ലാ രാത്രികളിലും കിടന്നുറങ്ങും. ഇങ്ങനെയെല്ലാം ഓരോ ദിവസവും പിന്നിട്ടു.

ഒരു ദിവസം അവൾ തന്റെ പണി കഴിഞ്ഞ് ഡേകെയറിൽ നിന്നും വിനുവിനെയും കൂട്ടി വീട്ടിലേയ്ക്ക് വന്നു. അവനോടു പഠിക്കാൻ പറഞ്ഞ് അവൾ അടുക്കളയിലേയ്ക്കു പോയി. അപ്പോഴേയ്ക്കും വിനു അവിടെ എന്തോ കുത്തി വരയ്ക്കുന്നുണ്ടായിരുന്നു. അവൾ അത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കുറച്ച് സമയങ്ങൾക്കുശേഷം അവൾ വിനുവിന്റെ അടുക്കൽ എത്തി. അവൾ അതിശയിച്ചുപോയി. അവൻ തന്റെ

ചെറുകൈകൾകൊണ്ട് ഒരു ഭംഗിയായ വീടിനുള്ളിൽ സന്തോഷകരമായിക്കഴിയുന്ന ഒരു കുട്ടിയും അമ്മയും അടങ്ങിയിരിക്കുന്ന ഒരു ഭംഗിയായ ചിത്രം. ആദ്യം അവളൊന്ന് സങ്കടപ്പെട്ടു. കാരണം തനിക്കും തന്റെ മകനും ഒരുമിച്ച് സന്തോഷത്തോടെ കഴിയുവാൻ സാധിക്കുന്നില്ലല്ലോ എന്നോർത്തു. പിന്നെ അവൾ ആലോചിച്ചപ്പോൾ തന്റെ മകന് വരയ്ക്കാൻ നല്ല കഴിവുണ്ടെന്ന് മനസ്സിലാക്കി. അവൾ തന്റെ ഭർത്താവ് മരിച്ചതിനുശേഷം ഒന്നു പുഞ്ചിരിച്ചു. സന്തോഷവതിയായി. അപ്പോഴാണ് അവൾ ഓർത്തത് താൻ വീട്ടുപ്പണിക്കുപോകുന്ന വീട്ടിലെ മാഡം ഒരു ചിത്രരചന ക്ലാസ്സ് നടത്തുന്നുണ്ട്. അവൾ പിറ്റേന്ന് തന്റെ കുട്ടിയേയും കൊണ്ട് മാഡത്തിന്റെ അടുക്കലെത്തി. എന്നിട്ട് തന്റെ കുട്ടിയേയും ചിത്രരചന പഠിപ്പിക്കണമെന്നും അവന് നല്ല കഴിവുണ്ടെന്നും പറഞ്ഞു. മാഡം അതിശയിച്ചു. ഈ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി അതിഗംഭീരമായി വരയ്ക്കുമെന്നോ ? അങ്ങനെ അവൾ ചിത്രരചന ക്ലാസ്സിൽ വിനുവിനെ ചേർത്തു. വിനുവിനോട് ഒരു പടം വരയ്ക്കുവാൻ പറഞ്ഞാൽ അവൻ അതിൽ അവന്റെ ഭാവനയിൽ വിരിയുന്ന പലതും ഉൾപ്പെടുത്തി ചിത്രത്തെ എത്രത്തോളം ഭംഗിയാക്കാമോ അത്രത്തോളംതന്നെ ഭംഗിയാക്കിയിരിക്കും. അങ്ങനെ വിനു മാഡത്തിന്റെ പ്രിയപ്പെട്ട കുട്ടിയായി. അവന്റെ അമ്മയും അവനെ പ്രോത്സാഹിപ്പിച്ചു. മത്സരങ്ങളിൽ സമ്മാനം കരസ്ഥമാക്കി. അങ്ങനെ വർഷങ്ങൾ കടന്നുപോയി. പത്താം ക്ലാസ്സിൽ ഉന്നത വിജയം നേടി. അതിനുശേഷം അവൻ ചിത്രരചനാക്ലാസ്സിന് താത്പര്യം കാട്ടി. അവൻ കൂടുതൽ താത്പര്യത്തോടെ അതു മുഴുവനാക്കി.

പരീക്ഷകൾ നന്നായി എഴുതി അങ്ങനെ അവൻ ഒന്നാം റാങ്കോടെ പാസ്സായി. അവനെ ചിത്രരചന പഠിപ്പിക്കുന്ന ഒരു സാറായി തിരഞ്ഞെടുത്തു. അവന് അതിയായ സന്തോഷമായി. അവന്റെ അമ്മ തന്റെ മകനെ ഓർത്ത് അഭിമാനം കൊണ്ടു. അവൻ ജോലി സന്തോഷത്തോടെ ചെയ്യുന്നു. അതിനു വരുമാനവും ലഭിക്കുന്നു. അതിലൂടെ അവൻ തന്റെ അമ്മയോട് വീട്ടുജോലി അവസാനിപ്പിക്കാൻ പറഞ്ഞു. അമ്മയ്ക്ക് അത്യാവശ്യം പഠിപ്പൊക്കെയുണ്ട്. അതിനാൽ അവൻ അമ്മയ്ക്ക് ഒരു ട്യൂഷൻ സെന്റർ പണിതുകൊടുത്തു. അങ്ങനെ വിഷമങ്ങളും വികാരങ്ങളും നിറഞ്ഞുള്ള ജീവിതത്തിൽ നിന്ന് വിനുവും തന്റെ അമ്മയും കരകയറി. ഇപ്പോൾ വിനുവിന്റേയും തന്റെ അമ്മയുടേയും സ്വപ്നമായ സന്തോഷകരമായ ജീവിതമെന്നത് ഇപ്പോൾ സഫലമായി.

<u>ഗുണപാഠം</u>

നമ്മൾ ഒരിക്കലും ചെറുതല്ല. നമ്മൾക്ക് ഓരോ കഴിവുണ്ട്. അതെല്ലാം ദൈവാനുഗ്രഹമാണ്. അതിനെ നമ്മൾ കണ്ടെത്തുക. അതിനെ പ്രയോജനപ്പെടുത്തുക. അങ്ങനെയെങ്കിൽ നമ്മൾ കുട്ടികളുടെ മുന്നോട്ടുള്ള ജീവിതം അർത്ഥമുള്ളതാകും. അതുകൂടാതെ, പ്രോത്സാഹനവും കഠിനാധ്വാനവും ആത്മവിശ്വാസവും അത്യാവശ്യമാണ്. ഇങ്ങനെയെങ്കിൽ വിനുവിനെപ്പോലെ നമ്മുടെ ജീവിതവും സന്തോഷകരമാകും.

-കീർത്തന ടി. ആർ

ക്ലാസ്സ് : VII ഡി.

# ജൈവവൈവിധ്യവും സംരക്ഷണവും

ജൈവവൈവിധ്യ എന്നത് ഇന്നത്തെ ലോകത്ത് പ്രസക്തിയോടെ ഏറ്റവും അധികം ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു വസ്തുതയാണ്. ജൈവവൈവിധ്യവും സംരക്ഷണവുമെന്നത് ഓരോ രാജ്യങ്ങളും വളരെ സൂക്ഷമമായി തന്നെ പഠിച്ച് കൈകാര്യം ചെയ്യുന്ന വിഷയവും.എന്നാൽ ഇന്ത്യയിലെ സ്ഥിതി വിഭിന്നമാണ്.പ്രകൃതിയോട് വളരെ വൈകാരികമായ അടുപ്പം ഉള്ളവരും ഒപ്പം തന്നെ പ്രകൃതിയെ ചൂഷണം ചെയ്ത് ജീവിക്കുന്നവരും ഇടകലർന്ന് ജീവിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ് ഇന്ത്യയിൽ, പ്രത്യകിച്ച് കേരളത്തിൽ ഉള്ളത്. ഇന്നത്തെ വളർന്നുവരുന്ന പുതുതലമുറയ്ക്ക് ജൈവവൈവിധ്യവും, അതിന്റെ പ്രാധാന്യവും സംരക്ഷണവും എന്തെല്ലാമെന്നും എങ്ങിനെയെല്ലാമെന്നും വേണ്ട വിധത്തിൽ പറഞ്ഞു നൽകിയാൽ നാളെ അവർ പ്രകൃതിക്കു ഭീഷണിയുള്ളവരായി മാറാതെ മറിച്ച് പ്രകൃതിയുടെ സംരക്ഷകരായി തീരും. അതിനുവേണ്ടി നമുക്കിന്ന് ചെയ്യാവുന്നത്അവരെ പ്രകൃതിയിലേക്ക് അടുപ്പിക്കുകയാണ്.നമ്മുടെ മക്കൾക്ക് പ്രകൃതിയുമായി ഒരു വൈകാരികമായ അടുപ്പം ഉണ്ടാണമെങ്കിൽ അതൊരിക്കലും ബാഹ്യമായി ലഭിക്കുന്ന അറിവുകൊണ്ടാവില്ല.മറിച്ച് രുചിച്ചും,തൊട്ടും,മണത്തും അനുഭവിച്ചും മാത്രം നേടാവുന്ന ഒന്നാണ്.ചെരുപ്പില്ലാതെ മണ്ണിലൂടെയും പുൽപുറങ്ങളിലൂടെയും നടക്കുമ്പോൾ കാലിൽ ചേറാകും എന്നുപറഞ്ഞ് അവരെ വിലക്കാതെ അങ്ങിനെ നടക്കുന്നതിലൂടെ ലഭിക്കുന്ന ആ മാധുര്യത്തെപറ്റി അവരോടു പറയുക.മഴയത്തു കുളിക്കാൻ വാശിപ്പിടിക്കുന്ന മക്കളെ ഒരിക്കലും വിലക്കരുത് എന്നാണെന്റെ അഭിപ്രായം.കാരണം മഴയിൽ കുളിച്ചവരാരും പനിപ്പിടിച്ച് മരിച്ചിട്ടില്ല.അനാരോഗ്യകരമായ ഭക്ഷണശീലം മൂലമുണ്ടാകുന്ന മാരകരോഗങ്ങളെ അവഗണിക്കുന്നവരാണ്, മഴയത്തു കുളിക്കുക മൂലം പനിപിടിക്കുമെന്ന് പറയുന്നവരുമുണ്ട്.ഇതെല്ലാം നമ്മുടെ അന്തസ്സിന് ചേരില്ല എന്ന് പറയുന്നവരുമുണ്ട്. എന്നിരുന്നാലും തൊടുയിലേക്ക് ചെരുപ്പില്ലാതെ ഇറങ്ങാൻ തീമാനിച്ചാൽ തന്നെ ഇന്ന് കോൺഗ്രീറ്റ് ഇട്ടുവച്ചിരിക്കുന്ന മുറ്റം കണ്ട് തൃപ്തി അടയേണ്ടിവരും കുട്ടികൾക്ക്. മഴ നനയാമെന്ന് വെച്ചാലോ, ഷീറ്റിട്ട് കെട്ടി അടച്ചിരിക്കുന്ന വീടിന്റെ നാലു ഭാഗവും.ഇവിടെയാണ് സ്കൂളുകൾ വഹിക്കുന്ന പങ്ക് എടുത്ത് പറയേണ്ടത്.ഞങ്ങളുടെ സ്കൂളിൽ കുട്ടികൾക്ക് അനുഭവിക്കാൻ പാകത്തിൽ ഒരു പാർക്ക് തന്നെയുണ്ട്. അതിനാൽ കുട്ടികൾക്ക് അതിന്റെ മാധുര്യം നുകരാൻ വേറെ ഇടങ്ങളിൽ പോവേണ്ട ആവശ്യമില്ല.കുളവും, മീനുകളും, വ്യത്യസ്ഥമാർന്ന ചെടുകളും മരങ്ങളും ഔഷധചെടികളും, പുൽമേടും, പുഷ്പങ്ങളും എന്നിവയാൽ സമ്പുദ്ധമായ ആ

പാർക്കിനെ ഞങ്ങൾ തന്നെയാണ് പരിപാലിക്കുന്നത്.നാളത്തെ നമ്മുടെ പ്രകൃതിയുടെ ഭാവി സുരക്ഷതമായി എന്ന തന്നെ പറയാം.ഞങ്ങൾ പരിപാലിക്കുന്ന പൂക്കളുടേയും ചെടികളുടേയും ശാസ്ത്രീയ നാമങ്ങൾ ഏതെന്ന് അറിയാനും അതുകണ്ടുപിടിക്കാനുമുള്ള കുട്ടികളുടെ കൗതുകവും വർധിക്കുമെന്ന് മാത്രമല്ല ബയോളജി പഠനം ഞങ്ങൾക്ക് എളുപ്പമാവുകയും ചെയ്യും. ഇതു മൂലം സമൂഹത്തിൽ എവിടെയെങ്കിലും പ്രകൃതിക്കെതിരായ ചൂഷണം നടന്നാൽ അവരുടെ കുഞ്ഞുമനസ്സ് നോവുകയും, നാളെ അവർ രാജ്യത്തിന്റെ അഭിമാനമായി വളർന്ന് കർമ്മബോധമുള്ള പൗരൻമാരാകുമ്പോൾ അത്തരം ചൂഷണങ്ങൾക്കെതിരെ അവർ സ്വരമുയർത്തുകയും ശക്തമായി തന്നെ എതിർക്കുകയും ചെയ്യും, എന്നത് തർക്കമില്ലാത്ത കാര്യമാണ്. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും,മാറി മാറി വന്നുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾക്കും കാരണം,നമ്മൾ തന്നെയെങ്കിൽ അതിനൊരു പരിഹാരമെന്നോണം ഈ ജൈവവൈവിധ്യ പാർക്ക് മാറും. പ്രകൃതിയെ സംരക്,ക്കുകയെന്നാൽ എണ്ണീ തീരാത്ത ഒരുപാട് സൽപ്രവർത്തികൾ നാം നമ്മുടെ ഭൂമിക്കായി ചെയ്യു എന്നർത്ഥം.കാലാവസ്ഥ വ്യത്യാസത്തെ ചെറുക്കുന്ന, വംശനാശത്തിൽ പെട്ടുകൊണ്ടിരിക്കുന്ന ജീവജാലങ്ങളെ രക്ഷിക്കുന്ന, അന്തരീക്ഷത്തിലെ ശുദ്ധവായുവിന്റെ അളവ് കൂട്ടുന്ന, പ്രകൃതി മലിനീകരണത്തെ തടയുന്ന,മണ്ണിന്റെ നഷ്ടമായ ജൈവത വീണ്ടെടുക്കുന്ന, എന്നിവയെല്ലാം ചില ഉദാഹരണങ്ങൾ മാത്രം. അങ്ങിനെയെങ്കിൽ നമുക്കും കൈ കോർക്കാം ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി.

ആൻമേരി മൈക്കിൾ
VIII B

# മാതൃസ്നേഹം

ശരത്കാല വെണ്ണിലാവ് പോലെ
നിത്യവിശുദ്ധയാണമ്മ
നിത്യനിർമ്മല പ്രതീകം പോലെ
വരമരുളുന്നവളാണമ്മ

പാരിൽ മനോഹാരിത ചാർത്തും
ജീവനും തേജസ്സുമാണ്
ജീവിതം ലക്ഷ്യപൂർണമാക്കാൻ
അമ്മതന്നനുഗ്രഹം നേടിടണം

കരുണയും സ്നേഹവും കവിഞ്ഞൊഴുകുന്ന
അരുവിയത്രേ മാതൃഹൃദയം
ഏതു പാപവും പൊറുക്കുന്ന
മാതൃഹൃദയം അത്യുന്നതം

പകരം നൽകാൻ യാതൊന്നുമില്ല
മാതാവിൻ സ്നേഹത്തിന്
ഈശ്വരൻ നൽകിയ വരദാനമാം
മാതാവേ വെറുക്കരുതേ............

ദേവിക പ്രസന്നകുമാർ
X . ബി

# മഴ

മഴക്കാലം വിടരുന്നു മന്നി–
ലൊരായിരം പൂവുകളും
മഴയേ നീയാകാശത്തിൽ കണ്ണീരോ
അതോ നിർവൃതിയോ
ഓരോ കർഷക മുഖവും
പുളകിതമാകുന്ന നീ വരുംനേരം
നീ വരുന്നേരം എന്റെ
ദുഃഖങ്ങളെല്ലാം അകലുന്നു നിൻ–
കുളിരാൽ മനസ്സുകൾ നിറയുന്നു.
നീ എൻ വീട്ടുമുറ്റം നിറമണിയിച്ചുവല്ലോ
നീ പോകും നിമിഷം ഒരു സ്നേഹ –
സമ്മാനമായി ഒരു നിറമേഴിൻ –
ചിരിയോടെ ഒളിമായ മഴവില്ലിനെ തന്നു.
എൻ പ്രിയ കൂട്ടുകാരി
നിന്നോടെനിക്കുള്ള സ്നേഹം പറയാനെനിക്കറിയില്ല
വാക്കുകളുമില്ല.
ഞാനറിയാതെ നിന്നെ ഞാൻ സ്നേഹിച്ചു.

–അലീന മരിയ പി. ജി.



# വിവരസാങ്കേതികവിദ്യ – ഒരവലോകനം

അറിവ് നേടാനുള്ള ആഗ്രഹം മനുഷ്യനെമറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നു. നമ്മുടെ വിദ്യാലയങ്ങൾ ഒരു വിധത്തിൽ അലെങ്കിൽ മറ്റൊരു വിധത്തിൽ അറിവു സമ്പാദിക്കാനുള്ള ഇടങ്ങളാണ്. ഏതു തരത്തിലും വിവരങ്ങൾ അറിയുവാനും അത് വിശകലനം ചെയ്ത് പുതിയ വിവരങ്ങൾ രൂപികരിക്കാനുമുള്ള വാസന മനുഷ്യനിലുണ്ട്. അതിന് നമ്മെ സഹായിക്കുന്ന ഒന്നാണ് വിവരസങ്കേതികവിദ്യ. കലയും, ശാസ്ത്രവും സാമൂഹികശാസ്ത്രവുംമെല്ലാം ഇത്തരത്തിൽ ഒത്തുചേരുന്നു.

ഈ നൂറ്റാണ്ട് ഐ.ടി വിപ്ലവത്തിന്റെ നൂറ്റാണ്ടെന്നറിയപ്പെടുന്നു.വ്യത്യസ്തങ്ങളായ മാധ്യമങ്ങളുടെ ഒരു നീണ്ടനിര തന്നെ ഇന്ന് വിവരശേഖരണത്തിനായി നമ്മുടെ കൺമുമ്പിലുണ്ട്. എല്ലാ വികസിത രാജ്യങ്ങളും ഈ സാങ്കേതി വിദ്യ ഉപയോഗപ്പെടുത്തിയതായി കാണാനാകും. ഈ മേഖലയിൽ വളരെ പതുക്കെയാണ് നാം മുന്നേറുന്നതെങ്കിലും, ശ്രദ്ധേയമായ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ സാധിക്കുന്നുണ്ട്. ആധുനിക മാധ്യമങ്ങളിൽ ഏകവും ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ് ഇന്റർനെറ്റ്. ഒരു ക്ലിക്കിലൂടെ നമ്മുടെ മുമ്പിൽ വിവരങ്ങളെത്തിവാൻ ഇന്നത്തെ വിവരസാങ്കേതികവിദ്യയ്ക്ക് കഴിയുന്നുണ്ട്. ബാങ്കിങ്, ബിസിനസ്, പഠനമേഖലകൾ ഗതാഗതം, വൈദ്യശാസ്ത്രം എന്നീ മേഖലകൾ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ

പ്രയോജനപ്പെടുത്തുന്നതായി നമുക്ക് കാണാനാകും. വിവരങ്ങൾ വളരെ വേഗം ശേഖരിക്കാനും, കൈമാറ്റം ചെയ്യുന്നതിനും ഇവ നമ്മെ സഹായിക്കുന്നു. വിദ്യഭ്യാസ രംഗത്ത് വളരെ വലിയ മുന്നേറ്റമാണ് വിവരസാങ്കേതികവിദ്യ കൈവരിച്ചിട്ടുള്ളത്. ഇന്നു നമ്മുടെ ക്ലാസ് മുറികളെല്ലാം സ്മാർട്ടായി മാറിയത് നമുക്ക് കാണാനാകുന്നുണ്ട്. മുൻതലമുറ കേട്ട് പഠിച്ച കാര്യങ്ങൾ ഇന്നത്തെ തലമുറ കണ്ടു പഠിക്കുന്നു.

ഗുണത്തോടൊപ്പം ദോഷവും ഈ മേഖലയിലുണ്ടെങ്കിലും , ധാർമ്മികതയും സാംസ്കാരികമായ ബോധവും കൊണ്ട് ഇത്തരം പ്രശ്നങ്ങളെ മറികടക്കാൻ നമുക്ക കഴിയും വിവരസാങ്കേതികവിദ്യ മനുഷ്യ നന്മയ്ക്കായി ഉപയോഗിക്കാനും നാം ശ്രമിക്കണം.

മേരി ബ്രൈറ്റ്
SITC

# _ഗണിതശാസ്ത്രത്തിലെ സ്ത്രീ സാന്നിധ്യം

ഗണിതശാസ്ത്രഗവേഷണത്തിൽ പ്രസിദ്ധരായ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള ആദ്യ ഗണിതശാസ്ത്ര അദ്ധ്യാപികയാണ് അലക്സാൻഡ്രിയായിലെ ഹൈപാഷിയ. (350/ 370 എ. ഡി. -415/416 എ. ഡി. )
അലക്സാൻഡ്രിയായിലെഗണിതാദ്ധ്യാപകനായിരുന്ന
തിയോണിന്റെ മകളാണ് ഹൈപാഷിയ. പിതാവിന്റെ കൂടെ ഗണിതഗവേഷണത്തിലും ഗ്രന്ഥനിർമ്മാണത്തിലും ആദ്യം മുതൽ തന്നെ ഹൈപാലിയ പങ്കാളിയാകുമായിരുന്നു.

ഹൈപാഷിയെത്തേടി വിദ്യാർത്ഥികളുടെ നിലയ്ക്കാത്ത പ്രവാഹം എന്തായിരുന്നു. അവരുടെ കീഴിൽ വിദ്യ അഭ്യസിച്ച പലരും പിൽക്കാലത്ത് വളരെ പ്രശസ്തരായിത്തീർന്നു. ഒരു ദാരുണമായ അന്ത്യമായിരുന്നു ഹ്ലിപ്പേഷ്യായുടേത്.

എല്ലാ മതങ്ങളോടും സൗഹൃദം പുലർത്തിയിരുന്നു. ഗ്രീക്ക് തത്ത്വചിന്തകരോട് ഒരു പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. ഗ്രീക്ക് ദൈവങ്ങളെ വണങ്ങുകയും ഗ്രീക്ക് പാരമ്പര്യങ്ങൾ പിൻതുടരുകയും ചെയ്തു. അവർക്കുനേരെ അലക്സാൻഡ്രിയായിലെ മതഭ്രാന്തന്മാരായ ചിലർ പ്രചാരണം നടത്തുകയും അക്രമാസക്തരായ അവർ സർവ്വകലാശാലയിൽ അതിക്രമിച്ചു കയറുകയും കണ്ണിൽ കണ്ടതെല്ലാം ചുട്ടെരിക്കുകയും

ചെയ്തു. വിശ്വോത്തരമായ ഗ്രന്ഥങ്ങളെല്ലാം കത്തിയെരിഞ്ഞു.

**<u>ശകുന്തളാ ദേവി</u>**

ജനനം നവംബർ 4 , 1929 Bengaluru, India in Kannada Brahman Family)

മരണം ഏപ്രിൽ 21, 2013(83 വയസ്സ്)

Known as Human Computee

Occupation Social worker.

Indian writer & Mental calculation

അവരുടെ അച്ഛൻ ഒരു പൂജാരിയാവാൻ ഇഷ്ടപ്പെടാതെ, സർക്കസിൽ trapeze artist ആയി ചേർന്നു. അവർക്ക് മൂന്ന് വയസ്സുള്ളപ്പോൾ അദ്ദേഹം തന്റെ മകളെ കാർഡ് ഗെയിം അഭ്യസിപ്പിച്ചു. നമ്പേഴ്സ് ഓർക്കാനുള്ള അവളുടെ കഴിവിനെക്കുറിച്ച് അച്ഛന് മനസ്സിലായി. പിന്നീട് അദ്ദേഹം സർക്കസിൽ നിന്ന് വിട്ട് സ്വന്തമായി റോഡ് ഷോസ് നടത്തി. അതിൽ മകളുടെ calculation ability പ്രദർശിപ്പിച്ചു. 6 വയസ്സുള്ളപ്പോൾ അവർ തന്റെ കഴിവുകൾ (calculation & memorisation ability) University of Mysore ൽ അവതരിപ്പിച്ചു. 1944 ൽ അച്ഛന്റെ കൂടെ ലണ്ടനിലേയ്ക്ക് പോയി. തന്റെ arithmetic talents അവർ ലോകം മുഴുവൻ സഞ്ചരിച്ചു. 1980 ജൂൺ 18 ന്, random ആയി select (comp. Dept. Of imperial college, London ) ചെയ്ത രണ്ട് 13 അക്കസംഖ്യകളുടെ ഗുണനഫലം 28 സെക്കൻഡിൽ കണ്ടെത്തി. ഇത് 1982-ൽ ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സിൽ രേഖപ്പെടുത്തി. 1960-ൽ തിരിച്ച് ഇന്ത്യയിലെത്തി,

കൊൽക്കട്ടയിൽ നിന്നുള്ള IAS officer Paritosh Banerji യെ വിവാഹം ചെയതു. 1979-ൽ വിവാഹബന്ധം വേർപ്പെടുത്തുകയും ചെയ്തു. 2013 ഏപ്രിൽ 13 ന് ശ്വാസകോശസംബന്ധമായ രോഗങ്ങളാൽ മരണമടഞ്ഞു.

Mathematics, puzzles, astrology ഈ മേഖലയിൽ അനേകം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട് . Math ability more puzzles to puzzle you, Figuring Joy of numbers, book of numbers.

Sophia Gemain (1776- 1831)
Ada Lovelace (1815-1852)
Sophia Kovale Vskaya (1850-1891)
Emmy Noether (1882–1935)

സജിത വിൻസെന്റ്
ഗണിതശാസ്ത്ര അദ്ധ്യാപിക

# അമ്മ തൻ സ്നേഹം

പിഞ്ചിളം നാവിൻമേൽ
ആദ്യാക്ഷരം കുറിച്ചതമ്മ
എൻ തെറ്റ് തിരുത്തി
നേർവഴി കാട്ടിയതമ്മ.

സ്നേഹമാണമ്മ വെളിച്ചമാണമ്മ
എന്നും നമ്മുടെ തോഴിയാണമ്മ
നന്മതൻ മാരിവില്ല് വിരിച്ചതെൻ അമ്മ

സ്നേഹത്തിൻ നിറക്കുടമാണമ്മ
മാതൃസ്നേഹം നമ്മുടെ ജീവസ്നേഹം
എൻ അമ്മ നമ്മുടെ ജീവലോകം.

അമീഷ ഷൈൻ
VII . B



# സ്നേഹ നിധി

അങ്ങകലെ ഒരു ഗ്രാമത്തിൽ ഒരു കൊച്ചുകുടുംബം താമസിച്ചിരുന്നു.ആ കുടുംബത്തിലെ പിതാവിന്റെ പേര് രാജു എന്നായിരുന്നു.രാജുവിനു രണ്ടു മക്കളും ഭാര്യയും ഉണ്ട്.ദാരിദ്ര്യവും കഷ്ടപ്പാടും ആ കുടുംബത്തിന്റെ കൂടപ്പിറപ്പായിരുന്നു. രാജുവിന്റെ മക്കളിൽ മൂത്തത് പെൺകുട്ടിയും ഇളയത് ആൺകുട്ടിയും ആയിരുന്നു.ചിന്നു എന്നാണ് പെൺകുട്ടിയുടെ പേര്. അപ്പു എന്നാണ് ആൺകുട്ടിയുടെ പേര്. ഇവർ നാലുപേരും ഒരു കുടിലിലായിരുന്നു താമസം.കുടിലിനകത്ത് താഴെ ഇരുന്നാണ് ഈ കുടുംബം ഭക്ഷണം കഴിക്കുന്നത്.രാജു ഒരു കർഷകനാണ്. ഒരിക്കൽ രാജുവിന് കൃഷിപ്പണിക്ക് പോയിട്ട് കാര്യമായിട്ട് വരുമാനം ഒന്നു തന്നെ കിട്ടിയില്ല.അന്ന് അവർക്ക് കുടിക്കാൻ കഞ്ഞിവെള്ളം മാത്രം ഉണ്ടായിരുന്നുള്ളൂ.രാജുവിനോട് ചിന്നു പറഞ്ഞു: "അച്ഛാ എന്നാണച്ഛാ നമുക്കീ കഷ്ടപ്പാടിൽ നിന്നും കരകയറാൻ കഴിയുക. നാവിന് രുചിയുള്ള ഭക്ഷണം കഴിക്കാൻ ഞാൻ കൊതിക്കുന്നു". അച്ഛൻ പറഞ്ഞു:"മോളേ എല്ലാവരും എപ്പോഴും ഒരുപോലെയാകണമെന്നില്ല.നമ്മുടെ കഷ്ടപ്പാടും മാറുന്ന ഒരു കാലം ദൈവം നമുക്കും തരും.നമ്മൾ പ്രത്യാശ കൈവിടാൻ പാടില്ല". ഇതു കേട്ടപ്പോൾ ചിന്നുവിന് നേരിയ ആശ്വാസം തോന്നി.അടുത്ത ദിവസം രാജു വയലിൽ കൃഷി ചെയ്യുവാനായി പോയി.തന്റെ മക്കളുടെ വിഷമം മാറ്റുവനായി,വരുമാനം നന്നായി കിട്ടുവാനായി,അന്നത്തെ ദിവസെ

പൊരിവെയിലിൽ,വിശ്രമമില്ലാതെ രാജു ജോലിചെയ്തു.അന്നിട്ടും രാജുവിന് കാര്യമായ വരുമാനെ ഒന്നും തന്നെ കിട്ടിയില്ല.അതുകൊണ്ട് നിരാശനായി രാജു വീട്ടിലേക്ക് മടങ്ങി.നേരം ഇരുട്ടായി.അപ്പോൾ രാജു വഴിയരികിൽ ഒരു ചാക്ക് കിടക്കുന്നത് കണ്ടു.രാജു ഓടി ചെന്ന് ആ ചാക്ക്തുറന്നപ്പോൾ കണ്ടത്രാജുവിനെവല്ലാതെസന്തോഷിപ്പിക്കുന്നതായിരുന്നു .ചാക്കിന്റെ ഉള്ളിൽ സ്വർണ്ണം കൊണ്ട് രൂപപ്പെടുത്തിയ പല വസ്തുക്കളുമായിരുന്നു. ഇത് തന്റെ ദു:ഖം കണ്ടിട്ട് ദൈവം, തന്റെ കുടുംബത്തെ പട്ടിണിയിൽ നിന്നും രക്ഷിക്കുവാനായി തനിക്ക് തന്നതാണെന്ന് രാജു വിശ്വസിച്ചു.ഈ സന്തോഷവാർത്ത തന്റെ മക്കളേയും ഭാര്യയേയും അറിയിക്കുവാനായി തിടുക്കത്തിൽ രാജു വീട്ടിലേക്ക് നടന്നു.ഒടുവിൽ കുടിലിലെത്തുകയും, രാജു കാര്യം പറയുകയും ചെയ്തപ്പോൾ അവർക്കെല്ലാവർക്കും സന്തോഷമായി. ചുരുക്കത്തിൽ പറയുകയാണങ്കിൽ പ്രത്യാശയോടെ,ജീവിത പ്രതിസന്ധികളേയും പ്രശ്നങ്ങളേയും മറികടന്ന് അവർ, ആ പരസ്പര സ്നേഹമുള്ള കൊച്ചു കുടുംബം, രക്ഷപ്പെട്ടു. അവർക്ക് പിന്നീട് സന്തോഷത്തിന്റെയും സന്താപത്തിന്റെയും സമാധാനത്തിന്റെയും നാളുകളായിരുന്നു.

രശ്മി സെലിൻ

X D

# സ്മരണകളിലൂടെ

എന്റെ പഴയ വിദ്യാലയമാണെന്റെ നൊമ്പരം
എന്റെ പഴയ കൂട്ടുക്കാരാണെന്റെ നൊമ്പരം
എന്റെ പഴയ അദ്ധ്യാപകരാണെന്റെ നൊമ്പരം
എന്റെ പുതിയ ജീവിതമാണെന്റെ നൊമ്പരം

എന്നും ഉറക്കമൊഴിച്ചോർക്കും
ഞാനെന്റെ സുന്ദര വിദ്യാലയം
എന്നും ഉറക്കനൊഴിച്ചോർക്കും
ഞാനെന്റെ പൊട്ടാത്ത സൗഹൃദബന്ധം
എന്നും ഉറക്കമൊഴിച്ചോർക്കും
ഞാനെന്റെ അറിവുള്ള അദ്ധ്യാപകരെ
എന്നും ഉറക്കമൊഴിച്ചോർക്കും
ഞാനെന്റെ മറന്നുപോയ മനോഹര നിമിഷങ്ങൾ

എന്നുമുറക്കമുണർന്നേറ്റു സ്മരിക്കുമെൻ
മറഞ്ഞുപോയ സന്തോഷത്തെ
എന്നുമുറക്കമുണർന്നേറ്റു സ്മരിക്കുമെൻ
സുന്ദര നിമിഷങ്ങളെ
എന്നുമുറക്കമുണർന്നേറ്റു സ്മരിക്കുമെൻ
സ്നേഹമുള്ളദ്ധ്യാപകരെ
എന്നുമുറക്കമുണർന്നേറ്റു സ്മരിക്കുമെൻ
പിരിയാത്ത സൗഹൃദത്തെ

ഊണുമുറക്കവും
കണ്ണീരാൽ നിറയുമ്പോൾ
എന്നുമെൻ നൊമ്പരകാറ്റാമീ
മാറിയെൻ പഴയ വിദ്യാലയം

ഒരു നിമിഷത്തെ പാഴ്വാക്കുകൊണ്ടു
ഒരു ജന്മം മുഴുവൻ പാഴാമുമ്പോഴെല്ലാം
ഒരു കൈപിടിച്ചെന്നെ കരകയറുവാനായി
പഴയ തേനൂറുന്ന ഓർമ്മകൾ  മതിയെനിക്ക്
ജീവിതത്തിൽ ഓരോ നിമിഷവും നൊമ്പരകടലായി
കവിഞ്ഞൊഴികുമ്പോളെല്ലാം
കണ്ണുനീർ വറ്റാത്ത പുഴയായി
മാറിയെൻ ജീവിതം.

അനഘ അലെക്സ്
VII . സി



# ഒക്ടോബർ 16 ലോക ഭക്ഷ്യ ദിനം (World Food Day)

ഒക്ടോബർ 17 ലോക ദാരിദ്ര്യ നിർമാർജന ദിനം
World Poverty Eradication Day ആയി ആചരിച്ചു വരുന്നു.
യു. എൻ. ഒ യുടെ പ്രധാന ഉപവിഭാഗമായ എഫ്. എ. ഒ. () യുടെ ആഹ്വാന പ്രകാരമാണ് ഈ ദിനങ്ങൾ ആഘോഷിക്കപ്പെടുന്നത്. പട്ടിണിയിൽ നിന്ന് മോചനം നേടുന്നതിന് വേണ്ടി ലോകജനത്തെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1945 ഒക്ടോബർ 16 നാണ് എഫ്. എ. ഒ. നിലവിൽ വന്നത്.

ആഹാരമില്ലെങ്കിൽ

ജീവന്റെ ആവശ്യ ഘടകമാണ് ഭക്ഷണം. എല്ലാ മനുഷ്യരുടേയും ജീവന്റെ നിലനിൽപ്പിന് അടിസ്ഥാനമായ ഘടകങ്ങളായ വായു, വെള്ളം, ഭക്ഷണംഎന്നിവ ഉറപ്പുവരുത്താൻ എല്ലാ ഭരണകൂടങ്ങൾക്കും ബാധ്യതയുണ്ട്.

ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്ത ആരോഗ്യപരിപാലനത്തിന് അവസരം ലഭിക്കാത്ത ജിവിതത്തിൽ പ്രതിസന്ധികൾ നേരിടുന്ന മനുഷ്യൻ ലോകത്ത് ഇന്നും നിരവധിയാണ്. ഇവരുടെ ജീവിത പ്രയാസങ്ങളിലേയ്ക്ക് നന്മയുടെ പ്രകാശം ചൊരിഞ്ഞ് പ്രേരണ നൽകുന്ന രണ്ട് അന്താരാഷ്ട്ര ദിനാചരണങ്ങൾ.

നിവർന്ന് നിൽക്കാൻ ശേഷിയില്ലാത്ത ദൂരെ ഒരിടത്ത് കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന ആഹാരത്തിന് വേണ്ടി അൽപായുസ്സോടെ ഇഴഞ്ഞുനീങ്ങുന്ന ഒരു കുഞ്ഞിനെയും അതിന്റെ

പിറകിൽ ഒരു കുട്ടിയെ ഭക്ഷിക്കാനായി നിലയുറപ്പിച്ച ഒരു കഴുകന്റെയും ചിത്രം ആരുടേയും കരളലിയിപ്പിക്കുന്നതാണ്. ഈയിടെ വാട്സാപ്പിൽ പ്രചരിച്ച ചിത്രവും വളരെ ദയനീയമായിരുന്നു. ഒരു ചെറിയ പെൺകുട്ടിയുടെ മുതുകിൽ ചവിട്ടി അതിനേക്കാൽ ചെറിയ ഒരു കുട്ടി കമ്പോസ്റ്റ് പിറ്റിൽ തട്ടിയ എച്ചിലുകളിൽ നിന്ന് ആഹാരാവശിഷ്ടങ്ങൾ പെറുക്കി തിന്നുന്നു.

ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി കാത്തിരിക്കുന്ന, ദിവസങ്ങളോളം പട്ടിണി കിടക്കേണ്ടി വരുന്ന കോടിക്കണക്കിന് ആളുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളപ്പോൾ ഭക്ഷണം പാഴാക്കി വലിച്ചെറിയുന്ന ആളുകളുടെ എണ്ണം വർധിച്ചുവരികയാണ്. ഒരു നേരമെങ്കിലും പട്ടിണി കിടന്നവന് വിശപ്പിന്റെ കാഠിന്യം മനസ്സിലാക്കിയവന് ഒരിക്കലും ഭക്ഷണം നശിപ്പിക്കാനോ പാഴാക്കുവാനോ സാധിക്കില്ല. ആവശ്യത്തിന് മാത്രം ഭക്ഷണം സ്വീകരിച്ച് അവ വലിച്ചെറിയാൻ ഇടവരുത്താതെ മുഴുവനായും ഭക്ഷിക്കാൻ നാം ശീലിക്കണം. ഭക്ഷണം പാഴാക്കരുത്.

സോണി ക്ലീറ്റസ്

ഗണിത അദ്ധ്യാപിക



# പ്രളയം

ദൈവത്തിന്റെ സ്വന്തം നാടിനെ
കാർന്നതിന്നൊരാ പ്രളയം
മനുഷ്യരെല്ലാം നെയ്തെടുത്തൊരീ
മഹാസംഭവമല്ലോ പ്രളയം
പ്രളയത്തിന്റെ അഗാധതയിൽ
മുങ്ങീ വീടും നാടും
പ്രളയം സമ്മാനിച്ച ഒരുമയും പെരുമയും
കാത്തുസൂക്ഷിപ്പത് മലയാളികൾ.
വൃദ്ധരും മക്കളും നാട്ടുകാരുമെല്ലാവരും
ഒത്തൊരുമിച്ച് ക്യാംപിലേയ്ക്ക്.........
വലുപ്പമോ ചെറുപ്പമോ
നോക്കാതെ കഴിഞ്ഞ നാളുകൾ
ആ നല്ല സുന്ദരനാളുകൾ
ശത്രുക്കൾ മിത്രങ്ങൾ
എല്ലാവരും ഒരുമിച്ച
ആ നാളുകൾ സുന്ദരനാളുകൾ
എല്ലാം ഒരു നിമിത്തമായി
കാണുവിൻ കേരളീയരേ..........

- ഗൗരിനന്ദന എസ്. എ.
ക്ലാസ്സ് : IX –ഡി.



# സ്നേഹം

ഒരിക്കൽ ഒരിടത്ത് ഒരു പാവപ്പെട്ട കുട്ടി ഉണ്ടായിരുന്നു.കഴിക്കാൻ വേണ്ട ഭക്ഷണം പോലും തികഞ്ഞിരുന്നില്ല. ഒരിക്കൽ എന്തെങ്കിലും കഴിക്കാൻ കിട്ടുമോ എന്ന് തിരക്കി വഴിത്തെരുവിലൂടെ അലയുകയായിരുന്നു. അവന് വിശപ്പിലേറെ അതിയായ ദാഹമുണ്ടായിരുന്നു. ദാഹം കൊണ്ട് കണ്ണ് പോലും കാണാൻ വയ്യാത്ത അവസ്ഥ.അവൻ വീണ്ടും നടന്നു നീങ്ങി അവസാനം ചെന്നു നിന്നത് വാതിൽ അകത്തു നിന്ന് കുറ്റിയിട്ടിരിക്കുന്ന ഒരു വീടിന്റെ മുമ്പിൽ. അവൻ വാതിൽ കൊട്ടി ടക്ക്! ടക്ക്! വാതിൽ തുറന്നു. മുമ്പിൽ ഒരു സ്ത്രീയായിരുന്നു. അവർ അവനോട് ചോദിച്ചു: "മോനെ നിനക്കെന്താ വേണ്ടത് ?" അവൻ പറഞ്ഞു:"ഒരു ഗ്ലാസ് വെള്ളം".ആ സ്ത്രീ അവന് ഒരു ഗ്ലാസ് വെള്ളത്തിനു പകരം കൊടുത്തത് ഒരു ഗ്ലാസ് പാലാണ്. അവന് വലിയ സന്തോഷമായി. അവൻ പറഞ്ഞു:"നന്ദി, മാഡം, അതിന് നന്ദി, പക്ഷേ എന്റെ കൈയ്യിൽ നിങ്ങൾക്ക് തരാൻ ഒന്നുമില്ലല്ലോ!" "വിഷമിക്കേണ്ട മോനെ അതു സാരമില്ല"അവർ പറഞ്ഞു.അങ്ങനെ അലൻ അവിടെനിന്നും തന്റെ സ്ഥലത്തേക്ക് തിരിച്ചു.വർഷങ്ങൾ കടന്നുപ്പോയി, ഓപ്പറേഷൻ വേണ്ടിവരുന്ന ഒരു രോഗം ആ സ്ത്രയെ ബാധിച്ചു.ആ സ്ത്രീ ആശുപത്രിയിൽ കിടപ്പിലായി.ഓപ്പറേഷൺ കഴിയുന്നത്ര വേഗത്തിൽ വേണം പക്ഷേ അവർക്ക് അതിനുള്ള കാശില്ല. അവർ ഖേദിച്ചു.പക്ഷേ, പിറ്റേ ദിവസം അവരെ ഓപ്പറേഷൺ തിയറ്ററിൽ കയറ്റി ഓപ്പറേഷൺ നടത്തി. അവർക്ക് ആശ്ചര്യമായി. അവർനഴ്സിനോട് ചോദിച്ചു. "ഈ ഓപ്പറേഷന് വേണ്ടത്ര പണം എവിടെന്നു കിട്ടി?" നഴ്സ് അവർക്ക് ഒരു കുറിപ്പ് കൊടുത്തിട്ട് പറഞ്ഞു:"ഓപ്പറേഷന്റെ പണം ഡോക്ടർ കൊടുത്തല്ലേ!" എന്ന് പറഞ്ഞുകൊണ്ട് നഴ്സ് പോയി.അവർ ആ കുറിപ്പ് തുറന്ന് നോക്കി.അതിൽ ഇങ്ങനെ എഴുതിയിരുന്നു."ഇപ്പോൾ ഞാൻ സന്തോഷവാനാണ്. അന്ന് നിങ്ങൾ എന്റെ ദാഹം മാറ്റി. പകരം ഞാൻ നിങ്ങളുടെ രോഗവും. ഞാൻ ആ പഴയ കുട്ടിയാണ്. ഇപ്പോൾ ഡോക്ടറും" അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി.

ഗുണപാഠം : കണ്ടില്ലേ വർഷങ്ങൾക്കു മുമ്പാണ് ഈ സ്ത്രീ ആ പയ്യനെ സഹായിച്ചത് അതിനു പകരം ഇന്ന് അവർക്ക് ഒരു ആവശ്യം വന്നപ്പോൾ അവൻ സഹായിച്ചു അവിടെ നമ്മുക്ക് കാണാൻ സാധിക്കുന്നത് മാനുഷിക സ്നേഹമാണ്.

# ജീവിതം

എന്നും നമ്മുടെ ജീവിതത്തിൽ നൊമ്പരങ്ങളുണ്ടാവാം
എന്നും നമ്മുടെ ജീവിതത്തിൽ സന്തോഷങ്ങളുണ്ടാവാം
പക്ഷെ അതിനൊക്കെ ഒരു കാലമുണ്ട്
അതിനൊക്കെ ദിവസങ്ങളുണ്ട്.

നൊമ്പരമില്ലാത്ത നാളികളുണ്ടോ
നൊമ്പരമില്ലാത്ത  നാട്ടുകളുണ്ടോ
എന്നും എവിടെയും സന്തോഷങ്ങളുണ്ടോ
മനുശ്യന്റെ ജീവിതത്തിൽ നൊമ്പരമുണ്ട്
സന്തോഷമുണ്ട് പക്ഷെ സമയ-
ങ്ങളിൽ  ചിലതായിരിക്കാം.

ചിരിയിലൂടെ നമുക്കതിനെ മറികടക്കാം
വിജയപാതയിൽ മുന്നേറിടാം

നൈഡ്രീന ജാക്സൺ
IX A



# അനാഥർ

ഒരിക്കൽ ഒരിടത്തൊരു കുടുംബമുണ്ടായിരുന്നു. സമാധാനവും സന്തോഷവും നിറഞ്ഞ ആ കുടുംബത്തിൽ അമ്മു എന്ന കുട്ടിയും അവളുടെ അച്ഛനനം അമ്മയും മുത്തശ്ശിയുമാണുള്ളത്. ദാരിദ്ര്യം നിറഞ്ഞതായിരുന്നു അവരുടെ ജീവിതം. അവരുടെ വീട് എല്ലാവരിൽ നിന്നും താഴ്ന്നതിനാൽ ഒരു ചെറിയ മഴയ്ക്ക് പോലും വെള്ളം പൊങ്ങുമായിരുന്നു. അങ്ങനെ ആ ജീവിതത്തിൽ തുടർന്നുകൊണ്ട് 21 വർഷത്തോളം കഴിഞ്ഞുപോയി. അങ്ങനെ ഒരു ദിവസം നല്ല കാറ്റും മഴയും വന്നു. ആ കാറ്റിൽ അവരുടെ വീടിന്റെ പകുതി ഭാഗം തകർന്നു. ആ സംഭവെ നടക്കുന്നതിനു മുമ്പ് തന്നെ ആ വീടിന്റെ കുടുംബനാഥനായ അമ്മുവിന്റെ അച്ഛൻഒരു ആക്സിഡെന്റ് പറ്റി കിടക്കുകയായിരുന്നു. ആ വിഷമം താങ്ങാൻ കഴിയാതെ ഇരിക്കുമ്പോഴാണ് വിയർപ്പൊഴുകി പണിത ആ വീടിന്റെ തകർച്ച. അപ്പോഴും ആ വെള്ളപ്പൊക്കമെന്ന വിഷയം അവിടെ അവസാനിക്കുന്നില്ല. അത് അവരെ എപ്പോഴും ഭയപ്പെടുത്തി കൊണ്ടിരുന്നു. ഓരോ ദിവസവും ചെല്ലുന്തോറും മഴയുടെയും കാറ്റിന്റെയും ശക്തി കൂടിക്കൂടിവന്നു. സാധാരണ അവരുടെ വീട്ടിൽ മാത്രമാണ് വെള്ളം കയറാറുള്ളത്. പക്ഷേ, ആ ദിവസങ്ങളിൽ അയല്വീടുകളിലെല്ലാം വെള്ളം പൊങ്ങി. അങ്ങനെ എല്ലാവരും ഒരുമിച്ച് ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് പോയി. സ്വന്തം വീട്ടുവിട്ടിറങ്ങാൻ അവർക്ക് മനസ്സ് വന്നില്ല, എന്നാലും അവർ അവിടെ നിന്ന് ഇറങ്ങി. ദുരിതാശ്വാസ ക്യാമ്പിൽ എല്ലാവരും കൂടിയിരുന്ന് കുറച്ച് സന്തോഷമെങ്കിലും വന്നപ്പോൾ അവർക്ക് മാത്രം അതൊന്നും ബാധകമായിരുന്നില്ല. ഒരുദിവസത്തിനുശേഷം ക്യാമ്പിലേയ്ക്കും വെള്ളം കയറാൻ തുടങ്ങിയപ്പോൾ വേറെ എങ്ങും പോകാൻ ആർക്കും ഇടമില്ലായിരുന്നു. അങ്ങനെ അടുത്ത ക്യാമ്പിലേയ്ക്കും യാത്രയായി............

അവിടെവെച്ച് പെട്ടെന്ന് അച്ഛന് നെഞ്ചുവേദന വന്നു. അപകടം സംഭവിച്ച് അച്ഛനേയും കൊണ്ട് ആശുപത്രിയിൽ പോകാൻ ആർക്കും ഈ വെള്ളപ്പൊക്കത്തിൽ സാധിക്കുന്നില്ല. കൊണ്ടുപോകൻ വണ്ടിയാണെങ്കിൽ എല്ലാം വെള്ളം കയറി പ്രവർത്തനരഹിതമായി കിടക്കുകയാണ്. ആർക്കും അവരെ സഹായിക്കാൻ പറ്റാതെ അമ്മുവിന്റെ അച്ഛൻ മരിച്ചു. അവർക്ക് അച്ഛന്റെ വിയോഗത്തിലും ഈ വെള്ളപ്പൊക്കവും താങ്ങാൻപ്പറ്റാത്തത്രയും ദുഃഖമായിരുന്നു. അങ്ങനെ രണ്ട് ദിവസത്തിനുശേഷം കാറ്റും മഴയും ശാന്തമായി. വെള്ളപ്പൊക്കവും കുറഞ്ഞു. എല്ലാവരേയും അവരവരുടെ വീടുകളിലേയ്ക്ക് തിരിച്ചുപോയി. പക്ഷേ, അമ്മുവിന്റെ കുടുംബം അടങ്ങിയ നാലഞ്ചു കുടുംബങ്ങളെ അവരുടെ വീടുകളിലേയ്ക്ക് വിട്ടില്ല. കാരണം അന്വേഷിച്ചപ്പോൾ അവരുടെ വീടുകൾ ഇരുന്ന സ്ഥലത്ത്, ഇപ്പോൾ അങ്ങനെ ഒരു വീടില്ല. എല്ലാവരും അവരുടെ വീടിരുന്ന സ്ഥലത്തേയ്ക്ക് പോയി. അമ്മു നോക്കിയപ്പോൾ അവരുടെ വീടിന്റെ അവശിഷ്ടം പോലും ബാക്കിയില്ല. അങ്ങനെ അമ്മുവും അമ്മുവിന്റെ അമ്മയും മുത്തശ്ശിയും അനാഥരായി.

കുടുംബം ഇല്ലാതെ..... കുടുംബ നാഥനില്ലാതെ...............

സാന്ദ്ര തോമസ്
IX . D





# മഴത്തുള്ളികൾ

ഭൂമിയുടെ സ്നേഹം ചൊരിയുന്ന ജലമാണ് മഴ
പ്രകൃതിയുടെ വരദാനമാണ് മഴ
മഴത്തുള്ളികൾ ഭൂമിയിൽ പതിക്കുമ്പോൾ,
സ്നേഹത്തിൻ പൂവുകൾ വിരിയുന്നു
മനുഷ്യന്റെ അഹങ്കാരങ്ങൾ മാറ്റുന്ന ജലമാണ് മഴ
ദൈവത്തിന്റെ കൃപ ചൊരിയുന്ന സ്നേഹമാണ് മഴ
ജീവിതത്തിന്റെ അർഥങ്ങൾ പൊഴിക്കും,
മരതക പച്ചയാണ് മഴ
ഭൂമിയുടെ സ്നേഹം ചൊരിയുന്ന ജലമാണ് മഴ.

ചന്ദന പാർവതി
VII B

# പുതിയൊരു വെളിച്ചം


ജോണും ഭാര്യ സൂസന്നയും മൂന്ന് മക്കളുമടങ്ങുന്ന ഒരു ചെറിയ കുടുംബം . ജോൺ പുറംരാജ്യത്തായതുകൊണ്ട് മക്കളെ സൂസന്ന ഒറ്റയ്ക്കാണ് നോക്കുന്നത് . മൂത്തവൾ ആൻ മോൾ പ്ലസ് വണ്ണിലേക്ക് കടന്നിരിക്കുകയാണ്. രണ്ടാമത്തവൻ അഡ്വിൻ എട്ടാം ക്ലാസിലും ഇളയവൻ അഞ്ചിലുമാണ്. ആൻമോൾ ഒരേയൊരു പെൺകുട്ടിയായതുകൊണ്ടുതന്നെ വളരെ വാത്സല്യപൂർവമാണ് അവർ അവളെ വളർത്തുന്നത്. അമ്മ സൂസന്ന മാതാവിന്റെ വളരെ ഭക്തയാണ് . മൂന്ന് മക്കളെയും നോക്കാൻ സൂസന്നയ്ക്ക് കരുത്ത് നൽകുന്നത് അമ്മ മാതാവാണ്. ആൻ മോളിപ്പോൾ വളരെ സന്തോഷത്തിലാണ് . കാരണമെന്തെന്നോ, പത്താം ക്ലാസിൽ നല്ല മാർക്ക് നേടിയതിന് അപ്പന്റെ ഗിഫ്റ്റാണ് നല്ല അടിപ്പൊളി ഐഫോൺ. അത് കിട്ടിയപ്പോൾതന്നെ അവൾ ഫേസ് ബുക്കിൽ അക്കൗണ്ട് എടുത്തു. ക്ലാസിൽ എല്ലാവർക്കുമുണ്ടത്രെ . അമ്മ പറഞ്ഞു "ഇപ്പോൾ അവൾക്ക് ഫോൺ കൊടുക്കണ്ടായിരുന്നു. അതിനുള്ള പ്രായമവർക്കായോ. അപ്പൻ ചിരിച്ചു കൊണ്ട് പറഞ്ഞു എന്ത് കുഴപ്പം. ഒരു പ്രശ്നത്തിലും അവൾ പെടില്ലടോ എന്നും പറയാറില്ലേ അമ്മമാതാവ് തനിക്ക് പ്രത്യാശ നൽകുന്നുണ്ടെന്ന് അത് തെറ്റില്ല. സൂസന്ന മാതാവിന്റെ രൂപക്കൂടിനടുത്തു ചെന്നിട്ട് പറഞ്ഞു അമ്മേ അമ്മയുടെ അടുത്ത് ഞാൻ എന്റെ മക്കളെ തരുകയാണ്. കാത്തുകൊള്ളണമേ. അമ്മയിലാണ് എന്റെ പ്രത്യാശ.ആൻ അന്ന് സന്ധ്യപ്രാത്ഥനയ്ക്ക് ഇരുന്നില്ല. വയറുവേദനയാണെന്ന് പറഞ്ഞു.അമ്മ സമ്മതിച്ചു.അവൾ റൂമിൽ കയറി പതിയേ കതകടച്ചു.എന്നിട്ട് ഫോൺ എടുത്ത് മെസേജ് ചെയ്യാൻ തുടങ്ങി.റോഷൻ മാത്യൂ അവളുടെ ഏറ്റവും ഇഷ്ടപ്പെട്ട കൂട്ടുകാരൻ. പക്ഷേ, അധികനാൾ ആ ബന്ധം കൂട്ടുകാരനായി നിന്നില്ല. പിന്നീട് അവൾക്ക്

അവനോട് വല്ലാത്തൊരു ഇഷ്ടം. പഠിക്കാൻ ബുക്ക് തുറന്നാൽ റോഷന്റെ ചിത്രമാണ്. പ്രാർത്ഥനയ്ക്ക ഇരിക്കാറില്ല. പിന്നീട് പ്രാർത്ഥനയുമായി പറഞ്ഞ് അമ്മയുമായി വഴക്കുണ്ടായി. അവൾ അമ്മയോട് ഒരുപാട് എതിർത്തു പറഞ്ഞു. ഞാൻ എന്റെ ഇഷ്ടം പോലെ ചെയ്യും. എന്തൊരു കഷ്ടമാണിത്. എന്തിനാ ഇങ്ങനെ എന്നെ ഫോഴ്സ് ചെയ്യുന്നത്. അവൾ മുറിയിൽ കയറി വാതിൽ ശക്തിയായി അടച്ചു. അമ്മ മാതാവിന്റെ അടുത്ത് ചെന്ന് കരഞ്ഞു പ്രാർത്ഥിച്ചു. അന്ന് അവൾ അവനോട് പറഞ്ഞു ഇവിടെ ഭയങ്കര ബോറടിയാണ്. അവൻ പറഞ്ഞു നാളെ ഞാൻ വരാം സ്കൂളിൽ പോകുമ്പോൾ കളർ ഡ്രസുമായി പോയിട്ട് യൂണിഫോം മാറി എവിടെയെങ്കിലും നിന്നിട്ട് എന്നെ വിളിക്ക് ഞാൻ വരാം . അവൾ പറഞ്ഞു അയ്യോ അത് വേണ്ട. അവൻ പറഞ്ഞു അപ്പോൾ എന്നോട് സ്നേഹമില്ലല്ലോ. ഉണ്ട്...ശരി ഞാൻ വരാം അവൾ സമ്മതിച്ചു.പിറ്റേന്ന് അവൾ പറഞ്ഞപോലെത്തന്നെ ഒരുങ്ങി വീട്ടിൽ നിന്നിറങ്ങാൻ തുടങ്ങി. അമ്മേ ഞാൻ പോകുന്നു. അവസാനമായി അവൾ രൂപകൂടിലേക്ക് നോക്കി അമ്മ മാതാവിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അവൾ കണ്ടിട്ടും കാണാത്തതുപോലെ  വീടിന്റെ പടിയിറങ്ങി.സ്കൂളിലേക്ക് നടക്കും വഴി അവനെ വിളിച്ച് അവൻ ഒരു സ്ഥലം പറഞ്ഞിട്ട് അവിടെയുണ്ടെന്ന് പറഞ്ഞു. അവൾ അവിടേക്ക് നടന്നു അവനെ കണ്ടു. അവൾക്ക് എന്തെന്നില്ലാത്ത സന്തോഷം.കുറച്ചു നേരം അവർ ഒന്നും മിണ്ടാതെ ഇരുന്നു.കുറച്ചുനേരം കഴിഞ്ഞപ്പോൾ അവൻ പറഞ്ഞു നമുക്ക് ഒരിടം വരെ പോയാലോ. കുറച്ച് നേരം കറങ്ങാം. അവൾ പറഞ്ഞു ഞാൻ വരുന്നില്ല. അവൾ എഴുന്നേറ്റു. അവൻ അവളെ പിടിച്ചു നിർത്താൻ നോക്കി അവൾ കൈവിട്ടോടി. അടൻ തന്നെ കുറച്ചു പേർ അവനെ വളഞ്ഞു.അവൾ വേഗം പിറകോട് നാക്കിയപ്പോൾ  അവരിൽ ഒരാൾ പറ്ഞു. ഇവൻ പോലീസിന്റെ പിടികിട്ടാപുള്ളിയാണ്. ഞങ്ങൾ ഷാഡോ പോലീസാണ്. ഇവന്റെ സ്ഥിരം പണിയാണ് വലിയ വീട്ടിലെ പെൺക്കുട്ടികളെ

സ്നേഹിച്ച് പണം തട്ടിയെടുത്ത് കടന്നു കളയുക.ഇവൻ പലയിടത്തും പല പേരിലാണ് അറിയപെടുന്നത്.വൈകീട്ട് അവൾ വീട്ടിലേക്ക് ചെന്നു എന്നിട്ട് അമ്മയോട് എല്ലാംതന്നെ തുറന്നുപറഞ്ഞു.അമ്മ അവളെ കെട്ടിപിടിച്ച് ഉമവച്ചുകൊണ്ട് അവളെ സമ്മാതാനിപ്പിച്ചു.എനിക്കറിയാമായിരുന്നു എന്തോ കുഴപ്പമുണ്ടെന്ന് അതുകൊണ്ടു തന്നെ മോൾ പോയപ്പോൾ മുതൽ ഇപ്പോൾ വരെ മാതാവിന്റെ മുമ്പിൽ പ്രാർത്ഥിക്കുകയായിരുന്നു.അമ്മ മാതാവിൽ ഞാൻ പ്രത്യാശ വചതുകൊണ്ടാണ് നീ രക്ഷപെട്ടത്.അവൾ മാതാവിനെ നോക്കി നന്ദിയോടെ സ്തുതിച്ചു. അവൾ അന്നു തന്നെ ഫോൺ അമ്മയെ ഏൽപ്പിച്ചു.മാതാവിൽ പ്രത്യാശ വച്ചതാണ് ആ കുടുംബത്തിന് രക്ഷയേകിയത്. അന്നു മുതൽ മാതാവിന്റെ പ്രത്യാശയുടെ വികിരണങ്ങൾ അവരുടെ കുടുംബത്തിൽ നിറഞ്ഞു.പ്രത്യാശയുടെ ചിറകുകൾ എല്ലാവരുടെയും ജീവിതത്തിൽ രക്ഷ നൽകും.പുതിയൊരു വെളിച്ചവും.

പ്രത്യാശ..................

ആൽഡ്രീന ജാക്സൺ
X A



# പ്രളയാനന്തര നവകേരള സൃഷ്ടി

നമ്മുടെ നാട് ഇപ്പോൾ വലിയൊരു പ്രളയത്തിന് ശേഷം ശാന്തമായിരിക്കുകയാണ്.പക്ഷേ, പ്രളയത്തിൽ കുറേ പേർക്ക് തങ്ങളുടെ വീടും,സമ്പത്തും, കൃഷിയും, മറ്റു സ്ഥാപന ജംഗമവസ്തുകളും, തന്റെ കുടുംബക്കാരെ വരെ നഷ്ടപ്പെട്ടു.നാട്ടുക്കാർ സ്വന്തബന്ധങ്ങൾ മറന്ന് ജാതി മതഭേതമന്യേ പ്രളയത്തിൽ ഒരു ജീവനുവേണ്ടി തുടിക്കുന്നവർക്ക് കൈതാങ്ങായി.പ്രശയാന്തര നലകേരള സൃഷ്ടിക്കായി നമുക്ക് ഒരുമിച്ച് മുന്നേറാം.നമുക്ക് പ്രളയത്തിൽ സാധനങ്ങൾ, വസ്ത്രങ്ങൾ,പുസ്തകങ്ങൾ നഷ്ട്പ്പെട്ടവർക്ക് നമ്മളാൽ കഴിയുന്ന സഹായങ്ങൾ ചെയ്യാം. സ്കൂളിൽ നിന്നെല്ലാം പൈസപിരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകാം. അവർക്ക് നമ്മാളാൽ കഴിയുന്ന മറ്റു സഹായങ്ങൾ ചെയ്യാം. ധൈര്യം നൽകാം. ഇതെല്ലാം ചെയ്താൽ നമുക്ക് പുതിയ ഒരു കേരളത്തെ സൃഷ്ടിക്കാം. എല്ലാവരും ഒത്തുപിടിച്ച്നമ്മുടെ കേരളത്തെ സംരക്ഷിക്കൂ...

റുക്സാന എം.എ
VIII.D



# ജീവിതയാത്ര



എന്തെന്നറിയില്ലെനിക്കിന്ന്
മനസ്സിനൊരു തീരാനൊമ്പരം
സൂര്യോദയം മുതലിന്നീയസ്തമയം വരെ
ഞാനീ കട്ടിൽക്കാലിൽ ചടഞ്ഞിരിക്കുന്നു.

കാലമെത്രയോ പെട്ടെന്ന് പിന്നോട്ടോടി
ഒരു തീവണ്ടിയാത്രതൻ ചൂളം പോലെ
കഴിഞ്ഞുപോയൊരായിരം കാര്യങ്ങളി-
ന്നെന്നെ വിഷമിപ്പിക്കുന്നു.

കട്ടിലിൻ ചുവട്ടിൽ നിന്നെഴുന്നേറ്റു
ഞാനാ കടലിനെ ലക്ഷ്യമാക്കി നീങ്ങി
പടിഞ്ഞാറേ അറ്റത്ത് പൊട്ടുപോലെ സൂര്യൻ
മിന്നിത്തിളങ്ങി കടലിനോടു ചേരുന്നു.

അസ്തമ സൂര്യനെ നോക്കി ഞാൻ
വിഷാദപൂർവ്വം തലതാഴ്ത്തി
പിന്നെ എന്തോ മനസ്സിൽ താളം
തട്ടുന്ന പോലൊരു തോന്നൽ

ദൈവകരങ്ങളെന്റെ മനസ്സിനെ
തലോടുന്ന പോലൊരു തോന്നൽ
അമ്മ തൻ ചൂട് പകരുന്ന പോലെ
ഒരു നിമിഷം ഞാനൊരു പൈതലായി മാറി.

എന്തിന് കഴിഞ്ഞുപോയതോർത്തു വിലപിക്കുന്നു
ദൈവം നൽകിയ സൗഭാഗ്യങ്ങളോർത്ത്
നന്ദി പറയുവിൻ, ആഹ്ലാദിക്കുവിൻ

അസ്തമയ സൂര്യനെന്നും കടലിൽ വിഷമാവസ്ഥയോടെ
താഴ്ന്നുപോകുന്നുണ്ടെങ്കിലും
പിറ്റേന്നാൾ അധിക പ്രഭയോടെ
സൂര്യനുദിച്ചുയരുന്നുണ്ടല്ലോ

എന്ന് ദൈവസ്വരമെൻ
കാതുകളിൽ മുഴങ്ങുന്നതായൊരു തോന്നൽ
തോന്നലല്ല ഇത് യാതാർത്ഥ്യമെന്ന്
ഞാൻ വിശ്വസിക്കുന്നു.
ഇത് അവിടുന്നെനിക്കു തന്ന രണ്ടാം ജന്മം.......

അഗിന മരിയ
X . ബി

# ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപകരും വിദ്യാർത്ഥികളും 2018–19









# ADMISSION STARTED 2019-20


Thank
You